ശക്തമായ resistance ഉണ്ട്. ഏതായാലും ഗവൺമെൻറിൻെറ സ്റ്റാൻഡ് ഇതാണ്, ഗവൺമെൻറിൻെറ തീരുമാനമാണ് ഇവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി കള്ളുഷാപ്പുകളിൽ കൊടുക്കണമെന്നുള്ളത്. അതുകൊണ്ടാണ് 4015 പേർക്ക് നിയമനം കൊടുത്തത്. പക്ഷേ ഹൈക്കോടതിയിൽ ഇവരെ എടുക്കാതിരിക്കുന്നതിന് അവർ കേസിനുപോയി, അത് ഹൈക്കോടതി തള്ളി. പക്ഷേ അവർ മേയ് 2-ാം തീയതി സുപ്രീംകോടതിയിൽ കേസ് കൊടുത്തു. അതിനു സ്റ്റേ ഓർഡർ കൊടുത്തിട്ടുണ്ട്, ആ സ്റ്റേ vacate ചെയ്യുന്നതിന് നടപടികളും സ്വീകരിക്കണമെന്ന് അഡ്വക്കേറ്റ് ജനറലിനും നിർദ്ദേശവും കൊടുത്തിട്ടുണ്ട്. കോമ്പൻസേഷൻ കൊടുത്തുവിടണമെന്നു പറഞ്ഞാൽ ഇവർ കോമ്പൻസേഷൻ കൊടുത്തു പിരിച്ചുവിട്ടവരാണ്. ട്രേഡ് യൂണിയനുകളും പറയുന്ന ഏകകാര്യം ഇതാണ്. എല്ലാവർക്കും 30,000 രൂപയോ മറ്റോ കോമ്പൻസേഷൻ കൊടുത്ത് പിരിച്ചുവിട്ടവരാണ്. അതുകൊണ്ട് ഇവരെ പിന്നെ എന്തിനാണ് എടുക്കണമെന്നാണ് ട്രേഡ് യൂണിയനുകളും ചോദിക്കുന്നത്. ഏതായാലും ഞാൻ അതിൻെറ മെറിറ്റിലേയ്ക്കൊന്നും പോകുന്നില്ല. ഗവൺമെൻറ് തീരുമാനം നടപ്പിലാക്കുന്നതിന് ചെയ്യേണ്ട എല്ലാ നടപടികളും സ്വീകരിക്കും.

(17) പീരുമേട് മണ്ഡലത്തിലെ തോട്ടം തൊഴിലാളികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും

ശ്രീ. ഇ. എം. അഗസ്തി: സർ, വളരെ ഗുരുതരമായ ഒരു പ്രശ്നമാണ് ഞാൻ ബഹുമാനപ്പെട്ട സഭയുടെ മുമ്പാകെ കൊണ്ടുവരുന്നത്. ഞാനിവിടെ ഭരണപക്ഷത്ത് ഇരിക്കുന്നതുകൊണ്ട് എനിക്ക് അടിയന്തിര പ്രമേയമായി കൊണ്ടുവരാൻ കഴിയില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. എൻെറ നിയോജകമണ്ഡലത്തിലെ 50,000-ത്തോളം തൊഴിലാളികളും പണിയെടുക്കുന്ന 18 തേയില തോട്ടങ്ങളും മാനേജുമെൻറ് ഉപേക്ഷിച്ചുപോയതിനാൽ വർഷങ്ങളായി ആ തോട്ടങ്ങളിലെ തൊഴിലാളികളും താമസിക്കുന്ന ലയങ്ങളിൽ അറ്റകുറ്റപ്പണികളും നടത്തുന്നില്ല. ഇപ്പോൾ എല്ലാം ചോർന്നൊലിച്ചുകൊണ്ടിരിക്കുകയാണ്. പല ലയങ്ങളും ഇടിഞ്ഞുവീഴുന്ന അവസ്ഥയിലാണ്. നാലുവർഷംമുമ്പ് ഉടമ ഉപേക്ഷിച്ചുപോയ പീരുമേട് ടീ കമ്പനിയിലെ 150-ഓളം തൊഴിലാളികളും താമസിച്ചുകൊണ്ടിരിക്കുന്ന രണ്ട് ലയങ്ങളും ഒരാഴ്ചമുമ്പ് ഇടിഞ്ഞുവീണതിനെത്തുടർന്ന് അവരെ തൊട്ടടുത്തുള്ള ചീന്തനാർ സ്കൂളിലേയ്ക്ക് മാറ്റി പാർപ്പിച്ചിരിക്കുകയാണ്. ഇടുക്കി ജില്ലയിലെ എല്ലാ സ്കൂളുകളും ഒരാഴ്ചയ്ക്കുശേഷം ഇന്നാണ് തുറന്നു. പക്ഷേ ചീന്തനാർ സ്കൂളും മാത്രം തുറക്കാൻ കഴിഞ്ഞില്ല. കാരണം തൊഴിലാളികളും ആ ക്യാമ്പിൽ താമസിച്ചു കൊണ്ടിരിക്കുകയാണ്. ഇത് എൻെറ നിയോജകമണ്ഡലത്തിലെ ഒരു പൊതുവായ സ്ഥിതിയാണ്. അതീവ ഗുരുതരമായ കാലവർഷത്തിനിടയിൽ അടിയന്തിര സഹായം ഗവൺമെൻറ് നൽകുകയും തോട്ടം ഉടമകളെക്കൊണ്ട് അത്യാവശ്യം അറ്റകുറ്റപ്പണികളും ചെയ്യിക്കുകയും ചെയ്തില്ലെങ്കിൽ പ്രവചിക്കാനാകാത്ത ദുരന്തങ്ങളുണ്ടാകുമെന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഗവൺമെൻറും ബഹുമാനപ്പെട്ട മന്ത്രിയും ഈ പ്രശ്നത്തിൻെറ ഗുരുതരാവസ്ഥ മനസ്സിലാക്കിക്കൊണ്ട് അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരു കാര്യംകൂടി പറയുന്നു. ഇത് ഉപേക്ഷിക്കപ്പെട്ട തോട്ടങ്ങളുടെ സ്ഥിതിയാണെങ്കിൽ നല്ലനിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന റബ്ബർ എസ്റ്റേറ്റുകളും, റബ്ബർ എസ്റ്റേറ്റുകളും ഇപ്പോൾ നഷ്ടത്തിലല്ല, അവർപോലും തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

അറകുറപ്പണികളും നടത്തുന്നില്ല. ആ തൊഴിലാളി കുടുംബങ്ങളും താമസിക്കുന്ന ലയങ്ങളും സംരക്ഷിക്കുന്ന ഉത്തരവാദിത്വത്തിൽ നിന്നും മാനേജുമെന്റുകളും പതുക്കെ ഒഴിഞ്ഞു മാറുകയാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ കർശനമായ നടപടി സ്വീകരിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, 10,000-ത്തോളം ലയങ്ങളുള്ളതിൽ 4500 ആളുകളുടെ സ്ഥിതി ഇന്ന് വളരെ ദയനീയമാണ് എന്നാണ് Chief Inspector of Plantation തന്നിരിക്കുന്ന റിപ്പോർട്ട്. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഇ. എം. അഗസ്തി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 309 കുടുംബങ്ങളെ ഇപ്പോഴും സ്കൂളുകളിലേയ്ക്ക് മാറി പാർപ്പിച്ചിരിക്കുകയാണ്. 4500-ഓളം ലയങ്ങളും അറകുറപ്പണിക്കായി എസ്റ്റിമേറ്റ് എടുത്തപ്പോൾ ഏകദേശം 6 കോടി രൂപയോളം അതിനാവശ്യമായി വരും. 6 കോടി രൂപ ഏതിൽ നിന്നും കണ്ടെത്തുമെന്നുള്ളതാണ്. ഒന്നാമത്തെക്കാര്യം ഇതിനിടയ്ക്ക് ഗവൺമെന്റ് കൊടുത്ത ഫണ്ടിൽ നിന്നും തന്നെ അത്യാവശ്യ ലയങ്ങളും നന്നാക്കുന്നതിനുള്ള ഒരു തീരുമാനമെടുത്തിരുന്നു. പക്ഷേ സ്വകാര്യ ഉടമസ്ഥതയിലുള്ള കമ്പനികളുടെ ലയങ്ങളും സർക്കാർ ഫണ്ടുപയോഗിച്ച് ചെയ്യാൻ പാടുന്നതിനുള്ള തടസ്സമാണത്. അതിൽ ഇപ്പോഴും ഉപേക്ഷിച്ച് പോയിരിക്കുന്ന ചില എസ്റ്റേറ്റുകളെ സംബന്ധിച്ചിടത്തോളം നമുക്ക് കൂടുതൽ ആ കാര്യത്തിൽ ചെയ്യാൻ കഴിയില്ല. എങ്കിലും ഇപ്പോഴും മാറി പാർപ്പിച്ചിട്ടുള്ളവർക്ക് സൗജന്യറേഷനും മറ്റ് ആനുകൂല്യങ്ങളുമെല്ലാം നൽകിക്കൊണ്ടിരിക്കുകയാണ്. ഈ സെഷൻ തീരുന്ന മുറയ്ക്കു തന്നെ ആ ജില്ലയിലെ എം.എൽ.എ.മാരുമായി അവിടെ സന്ദർശിച്ച് ഇക്കാര്യത്തിൽ അതിനാവശ്യമായ നടപടികളും മാനേജുമെന്റുകളെക്കൊണ്ട് ചെയ്യിക്കാൻ പരമാവധി ശ്രമിക്കുന്നതാണ്. ഏതെല്ലാംനിലയിലുള്ള നടപടികളെടുക്കാൻ കഴിയുമെന്നുള്ളത് ആ പ്രദേശത്തെഎം. എൽ. എ.മാരുമായി ആ സ്ഥലം സന്ദർശിച്ച് അവിടുത്തെ ബന്ധപ്പെട്ട എസ്റ്റേറ്റർ ഉടമകളെക്കൂടി വിളിച്ച് ചർച്ച ചെയ്ത് ഇതിന് അടിയന്തിരമായി ശ്രദ്ധ നൽകുന്നതാണെന്ന് ഞാൻ അറിയിക്കുന്നു.

(18) ഒറപ്പാലം താലൂക്കിൽ റവന്യൂ ടവർ

ശ്രീ. വി. സി. കബീർ: സർ, ഒറപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസ് മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നപ്പോൾതന്നെ പ്രസിദ്ധമായിരുന്നു. ഏറ്റവും വലിയ റവന്യൂ ഡിവിഷണൽ ഓഫീസാണ്. അതിനോടനുബന്ധിച്ച് 29 ഓഫീസുകൾ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വളരെക്കാലത്തെ ആവശ്യത്തെത്തുടർന്ന് ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അടിയന്തിരമായി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കണമെന്നതാണ് എന്റെ ആവശ്യം.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, റവന്യൂ ടവറിന്റെ കാര്യമാണ് എഴുതിത്തന്നിരിക്കുന്നത്. മിനി സിവിൽ സ്റ്റേഷന്റെ കാര്യമല്ല. തൊടുപുഴ, കൊട്ടാരക്കര, കാഞ്ഞിരപ്പള്ളി, ആറന്മുള, കാസർകോട്, റാന്നി എന്നീ സ്ഥലങ്ങളിൽ റവന്യൂ ടവറുകളുടെ നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഇപ്പോൾ ഭവന നിർമ്മാണ ബോർഡ് തീരുമാനമെടുത്തിരിക്കുന്നത്. വളരെ പ്രധാനപ്പെട്ട ഒരാവശ്യമാണ് അദ്ദേഹം മുന്നോട്ടു വച്ചത്. അതു കണക്കിലെടുത്തുകൊണ്ട്, അടുത്ത ഘട്ടം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന താലൂക്ക്

LIBRARY ARCHIVES Kerala Legislative Assembly